# തിരുവിതാംകൂർ ദേവസ്വം ബോർഡ്

## എക്സിക്യൂട്ടീവ് എൻജിനീയർ ഓഫീസ്, മാവേലിക്കര

**Ph:04792303767**

# ലേല പരസ്യം

**മാവേലിക്കര** ഗ്രൂപ്പിൽ പെട്ട **ചെറിയനാട് DBUP സ്കൂളിലെ പഴയ കെട്ടിടം പൊളിച്ചുമാറ്റി അവശിഷ്ടങ്ങൾ മാറ്റുന്നതിന്** 27/05/2025-ലെ തിരുവിതാംകൂർ ദേവസ്വം ബോർഡ് ചീഫ് എഞ്ചിനീയറുടെ ഉത്തരവ് No: CE/W/MVK-3/2025/17 അടിസ്ഥാനത്തിൽ അംഗീകൃത സർവെ റിപ്പോർട്ട് തുകയായ **82,892/-** രൂപ അടിസ്ഥാന വിലയായി നിശ്ചയിച്ച് 2025-**ാം** ആണ്ട് ജൂൺ മാസം **5-ാം** തീയതി പകൽ **11** മണിക്ക് പരസ്യമായി ലേലം ചെയ്യുന്നതാണ്. ലേലത്തിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ അന്നേ ദിവസം **11** മണിക്ക് മുൻപായി തിരിച്ചറിയൽ രേഖ സഹിതം **മാവേലിക്കര** ഗ്രൂപ്പിൽ പെട്ട **ചെറിയനാട് DBUP സ്കൂളിൽ** ഹാജരായി **2100/-** രൂപ നിരത ദ്രവ്യം കെട്ടി വെച്ച് പേരുകൾ രജിസ്റ്റർ ചെയ്ത് ലേലത്തിൽ പങ്കു കൊള്ളേണ്ടതാണ്. നിശ്ചിത തുകക്കുള്ള നിരതദ്രവ്യത്തോട് കൂടിയ ക്വൊട്ടേഷനുകളും ലേല സമയത്തിന് മുൻപ് ഹാജരാക്കാവുന്നതാണ്. ക്വട്ടേഷൻ നൽകുവാൻ ഉദ്ദേശിക്കുന്നവർ അന്നേ ദിവസം 11 മണിക്ക് മുൻപായി **ചെറിയനാട് DBUP സ്കൂളിൽ** ക്വട്ടേഷൻ സമർപ്പിക്കേണ്ടതാണ്. താമസിച്ച് ലഭിക്കുന്ന ക്വോട്ടേഷനുകൾ യാതൊരു കാരണവശാലും സ്വീകരിക്കുന്നതല്ല.

അടിസ്ഥാന തുകയിൽ തുടങ്ങി ലേലം വിളി ആരംഭിക്കുന്നതും ലേലം വിളിക്കുന്നത് അവസാനിക്കുന്ന മുറക്ക് സീൽ ചെയ്ത ക്വോട്ടേഷനുകൾ തുറക്കുന്നതും ഏറ്റവും കൂടുതൽ തുകക്ക് വിളി കേൾക്കുന്നയാളുടെ/ക്വൊട്ടേഷൻ നൽകുന്ന ആളുടെ പേരിൽ ലേലം താൽക്കാലികമായി സ്ഥിരപ്പെടുത്തുന്നതും ലേലം കൂടുതൽ തുകക്ക് വിളി കേൾക്കുന്നയാൾ/ ക്വൊട്ടേഷൻ നൽകുന്ന ആൾ ലേലത്തുകയുടെ 50% തുകയും+ മുഴുവൻ ലേലതുകയുടെ 18% GST-യും ഉടനടി കെട്ടിവെക്കേണ്ടതുമാണ്. തിരുവിതാംകൂർ ദേവസ്വം ബോർഡിൽ നിന്നും ലേല അനുവാദം വന്ന വിവരം തെര്യപ്പെടുത്തുന്ന മുറക്ക് ബാക്കി ലേല തുക ഒന്നായി കെട്ടി വെച്ച് ലേല സാധനങ്ങൾ സ്വന്തം ചിലവിൽ പൊളിച്ച് കൊണ്ട് പോകേണ്ടതാണ്. ലേലത്തിൽ പങ്കെടുക്കുന്നവരുടെ നിരത ദ്രവ്യം ലേലം അവസാനിക്കുന്ന മുറക്ക് തിരികെ കൊടുക്കുന്നതാണ്.

1. ഗ്രൗണ്ട് ലെവലിനു താഴെ ഉള്ള കെട്ടിടഭാഗങ്ങൾ പൊളിക്കുന്നതിനോ പൊളിച്ച് നീക്കം ചെയ്യുന്നതിനോ ലേലം കൊണ്ട ആളിന് അധികാരമുണ്ടായിരിക്കുകയില്ല.
2. കെട്ടിടം പൊളിക്കുന്ന വകയിൽ ലഭിക്കുന്ന അടിത്തറയിലെ മണൽ നീക്കം ചെയ്യുന്നതിന് ലേലം കൊണ്ട ആളിന് അധികാരമുണ്ടായിരിക്കുകയില്ല.
3. സാങ്ക്ഷൻ ലഭിച്ച സർവ്വേ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വകകൾ അല്ലാതെ മറ്റുള്ള വകകൾ ഏതെങ്കിലും കെട്ടിടം പൊളിക്കുന്ന അവസരത്തിൽ കാണപ്പെട്ടാൽ ആയതിന്മേൽ ലേലം കൊണ്ട ആളിന് അവകാശമുണ്ടായിരിക്കുകയില്ല കൂടാതെ ടി വകകൾ ഡിപ്പാർട്ടമെന്റ് മുതൽ കൂട്ടാക്കുന്നതുമാണ്.
4. ലേലത്തിൽ/ക്വോട്ടേഷനിൽ പങ്കെടുക്കുന്നവർക്ക് മേൽപ്പടി കെട്ടിടം, ആഫീസ് സമയങ്ങളിൽ മാവേലിക്കര അസിസ്റ്റന്റ് എൻജിനീയറുടെയോ/ ചെറിയനാട് DBUP സ്കൂൾ ഹെഡ്മാസ്റ്ററുടെയോ അനുവാദത്തോടെ നേരിൽ കാണാവുന്നതാണ്.

ലേലത്തെ പറ്റിയുള്ള കൂടുതൽ വിവരങ്ങൾ തിരുവിതാംകൂർ ദേവസ്വം ബോർഡ് മാവേലിക്കര അസിസ്റ്റൻറ് എൻജിനീയർ ആഫീസിൽ നിന്നോ ഈ ആഫീസിൽ നിന്നോ എല്ലാ പ്രവർത്തി ദിവസങ്ങളിലും ആഫീസ് സമയത്ത് അറിയാവുന്നതാണ്.

ഈ ഡിപ്പാർട്ട്മെന്റിന്റെ നിലവിലുള്ള എല്ലാ ചട്ടങ്ങളും ഈ ലേലത്തിനും ബാധകമായിരിക്കും. ലേലം അനുവാദം ലഭിച്ച് 10 ദിവസത്തിനുള്ളിൽ പ്രവർത്തി പൂർത്തീകരിക്കേണ്ടതാണ്. അതിനു വിരുദ്ധമായി പ്രവർത്തിക്കുന്ന പക്ഷം കെട്ടി വെച്ചിട്ടുള്ള തുക ഡിപ്പാർട്ട്മെന്റ് മുതൽക്കൂട്ടി തുടർനടപടികൾ സ്വീകരിക്കുന്നതായിരിക്കും. ലേലം സ്ഥിരപ്പെടുത്തിയതിന് ശേഷമുണ്ടാകുന്ന കഷ്ടനഷ്ടങ്ങൾക്ക് ഡിപ്പാർട്ട്മെന്റ് ഉത്തരവാദി ആയിരിക്കുന്നതല്ല. ലേലം സ്ഥിരപ്പെടുത്തുന്നതിനും യാതൊരു കാരണവും കൂടാതെ നിരാകരിക്കുന്നതിനും മാറ്റിവെയ്ക്കുന്നതിനുമുള്ള അധികാരം ഡിപ്പാർട്ട്മെന്റിൽ നിക്ഷിപ്തമായിരിക്കും. നിശ്ചിത ലേല ദിവസം എന്തെങ്കിലും കാരണവശാൽ അവധി ആയാൽ തൊട്ടടുത്ത പ്രവർത്തി ദിവസം ഇതേ സമയം ലേല നടപടികൾ നടത്തുന്നതായിരിക്കും.

(ഒപ്പ്.)

എക്സിക്യൂട്ടീവ് എഞ്ചിനീയർ
തിരുവിതാംകൂർ ദേവസ്വം ബോർഡ്
മാവേലിക്കര

മാവേലിക്കര
28/05/2025